ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: lsgd.kerala.gov.in

LSGD/PD/10799/2023-VIGD4 തീയതി: 19-08-2026

## APPENDIX H4

ശ്രീ. ജോർജ് വിൽഫ്രഡ് കാർഡോസ് ജെ. മുൻ ക്ലാർക്ക്, കോടഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, ശൂന്യവേതനാവധിയ്ക്ക ശേഷം നിങ്ങൾ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ ചട്ടം 15 വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ സ്വീകരിക്കാതിരിക്കുവാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ നിങ്ങളുടെ എതിർവാദ പത്രിക സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ച് കൊണ്ടുള്ള 03/08/2023 തീയതിയിലെ LSGD/PD/10799/2023-VIGD4 നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ കുറ്റാരോപണ മെമ്മോ/പത്രിക, ഹിയറിങ് നോട്ടീസ് എന്നിവ വിതരണം ചെയ്യപ്പെടാതെ "Left India" എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേക്ക് മടക്കി. ടി അച്ചടക്കനടപടി സംബന്ധിച്ച വിവരം 20/09/2025 തീയതിയിലെ മാതൃഭൂമി, ദീപിക എന്നീ ദിനപത്രങ്ങളിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ എഡിഷനുകളിൽ പ്രസിദ്ധീകരിച്ച് വരികയും തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. കൂടാതെ ഔപചാരിക അന്വേഷണ സമയത്തും നിങ്ങളുടെ സാന്നിധ്യം ഉണ്ടായിട്ടില്ലാത്ത വിവരം അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കാരണം കാണിക്കൽ നോട്ടീസിന് ലിഖിതമായ എതിർവാദപത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്ക് മുമ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ., തിരുവനന്തപുരം, പിൻ:695003 -ൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട്

നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

Dr. Divya S Iyer IAS
PRINCIPAL DIRECTOR

**സ്വീകർത്താവ്**

ശ്രീ. ജോർജ് വിൽഫ്രഡ് കാർഡോസ് ജെ.,
ജി സി ബംഗ്ലാവ്, ക്ലാപ്പന പി. ഒ.,
ക്ലാപ്പന സൗത്ത്, കൊല്ലം- 690525.

Digitally signed by
DIVYA S IYER
Date: 19-08-2026
20:06:32